# വേങ്ങര കോയപ്പാപ്പ

**അമീർ ഒതുക്കുങ്ങൽ**

ജഡപിടിച്ച മുടി, നീണ്ടു വളർന്ന താടിമീശകൾ, ചുണ്ടിനിരുവശവും ഒലിച്ചിറങ്ങുന്ന മുറുക്കാൻ ചണ്ടി. കോരിച്ചൊരിയുന്ന മഴയത്തല്ലാതെ ഒരിക്കൽപോലും നനയാത്ത വൃത്തിഹീനമായ ശരീരം. 'പിരാന്തൻ കുഞ്ഞയമ്മുദു' എന്ന് വേങ്ങരക്കാർ കളിയാക്കി വിളിച്ചിരുന്ന കുഞ്ഞയമ്മുദുവിനെ പിൽക്കാലത്ത് 'താജുൽ ഔലിയ'യായി വാനോളം ഉയർത്താൻ സമസ്തക്കാർക്ക് മേൽപറഞ്ഞ യോഗ്യതകളൊക്കെ എമ്പാടും മതിയായിരുന്നു. പിരാന്തൻ കുഞ്ഞയമ്മുദു പിന്നീട് കോയപ്പാപ്പയായും മരണത്തിന് ശേഷം താജുൽ ഔലിയയായും പരിണമിക്കുമ്പോൾ അതിന് പിന്നിൽ 'സമസ്ത'പണ്ഡിതന്മാരുടെ കരങ്ങളുണ്ടായിരുന്നു. പിരാന്തൻ കുഞ്ഞയമ്മുദു ഏതു നാട്ടുകാരനാണെന്ന് വേങ്ങരക്കാർക്കറിയില്ല. മറ്റത്തൂർ സ്വദേശിയാണെന്ന് ചില പഴമക്കാർ പറഞ്ഞ അറിവേ വേങ്ങരക്കാർക്കുള്ളൂ. വേങ്ങരയും മറ്റത്തൂരും ഈ ലേഖകന്റെ തൊട്ടടുത്ത പ്രദേശങ്ങളാണ്. പക്ഷെ കോയപ്പാപ്പാന്റെ ബന്ധുക്കൾ മറ്റത്തൂരിലും ഉള്ളതായി ഈ ലേഖകനറിയില്ല. ബന്ധുത്വവും പാരമ്പര്യവും ജീവചരിത്രവും സമസ്തക്കാർക്ക് 'വിലായത്തിന്' ഒരു തടസ്സവുമല്ല.

വേങ്ങര വ്യാപാരി വ്യവസായി യൂണിറ്റ് പുറത്തിറക്കിയ 'കാഷ്' (കൾച്ചറൽ ആന്റ് സോഷ്യൽ ഹിസ്റ്ററി) എന്ന പുസ്തകത്തിൽ വേങ്ങരയുടെ ചരിത്രം പറയുന്ന കൂട്ടത്തിൽ സ്വാഭാവികമായും കോയപ്പാപ്പയും കടന്നുവരുന്നുണ്ട്. കോയപ്പാപ്പ ഒരിക്കലും കുളിച്ചതായി വേങ്ങരക്കാർ ക ട്ടില്ലെന്ന് പ്രസ്തുത പുസ്തകം പറയുന്നു. പിരാന്തൻ കുഞ്ഞയമ്മുദു കോയപ്പാപ്പയായതിന് പിന്നിലെ ഐതിഹ്യം 'കാഷ്' വിവരിക്കുന്നുണ്ട്. പിരാന്തൻ കുഞ്ഞയമ്മുദു ആരെക്കണ്ടാലും 'കോയാ' എന്നേ വിളിക്കാറുള്ളുവത്രേ. ആ വിളിയാണ് പിരാന്തൻ കുഞ്ഞയമ്മദുവിനെ പിന്നീട് കോയപ്പാപ്പയാക്കിയത്. കോയപ്പാപ്പ ശേഷം 'താജുൽ ഔലിയ' ആയതിന് പിന്നിലെ ഐതിഹ്യമാകട്ടെ നമുക്ക് വ്യക്തമാണ്താനും. ചോദിക്കാനും പറയാനും ആരുമില്ലാത്ത വട്ടന്മാരെപിടിച്ച് 'ഔലിയ'യാക്കുന്നതിലൂടെ തങ്ങൾക്ക് വരുമാനം എമ്പാടും ലഭിക്കുമെന്ന 'സമസ്ത' പണ്ഡിതന്മാരുടെ കണ്ടെത്തൽ കേരളക്കരയിൽ നിരവധി 'ഔലിയാക്കളെ' സൃഷ്ടിച്ചിട്ടുണ്ടല്ലോ. വേങ്ങര കോയപ്പാപ്പയുടെ ഒരു ഏകദേശ രൂപം 'കാഷ്' വിവരിക്കുന്നത് കാണുക.

''അഴുക്ക് പുരണ്ട് മുഷിഞ്ഞു മാത്രമേ മൂപ്പരെ കണ്ടിട്ടുള്ളൂ. മഴ നനയുമ്പോഴല്ലാതെ ആ ശരീരത്തിൽ വെള്ളം വീഴാറില്ല. ഉടുവസ്ത്രങ്ങൾ ഊരാറില്ല. കഴുകാറില്ല, കുപ്പായങ്ങൾ ഒന്നിലേറെ ഉള്ളതുകൊണ്ട് നന്നേ അടിയിലുള്ളത് എപ്പോഴും വിയർപ്പിൽ മുങ്ങിയിരിക്കും. അത് ക്രമേണ പൊടിഞ്ഞുകീറും. മുഷിഞ്ഞുകീറിയ കുപ്പായം മൂപ്പർതന്നെ സമയാസമയങ്ങളിൽ പൊട്ടിച്ചുമാറ്റി ദൂരെ എറിയും. ഇടക്കുനടക്കുന്ന ആ പ്രക്രിയ നിമിത്തമാണ് അരമുതൽ കഴുത്തുവരെയുള്ള കഥാനായകന്റെ മേനിഭാഗത്ത് അടിഞ്ഞുകൂടിയിരുന്ന അഴുക്ക് പോക്കിയിരുന്നത് എന്ന് ചില സൂക്ഷ്മ ദൃക്കുകൾ പറയുന്നു'' *(കാഷ്: പേജ്. 23)*

ഇത്രത്തോളം വൃത്തികെട്ടരീതിയിൽ നടന്നിരുന്ന ഈ മനുഷ്യൻ മരണപ്പെട്ടപ്പോൾ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകിയത് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളായിരുന്നുവെന്ന് മനസ്സിലാക്കുമ്പോൾ ഈ ബഹുമത സമൂഹത്തിൽ മുസ്‌ലിംകളുടെ 'ഔലിയ' വിശ്വാസത്തെ പരിഹാസ്യമാക്കിയതിൽ പണ്ഡിതന്മാർക്ക് എത്രത്തോളം പങ്കുണ്ടെന്ന് മനസ്സിലാവും. ഈ മനുഷ്യൻ വലിയ്യ്? ആയത് ഫർളും സുന്നത്തും ഇടമുറിയാതെ അനുഷ്ടിച്ചതുകൊണ്ടായിരുന്നില്ല. പിന്നെയോ? അതും പ്രസ്തുത പസ്തകം തന്നെ പറയട്ടെ. ''ദിവ്യത്വവും അമാനുഷികതയുമൊന്നും കഥാനായകന് ഒരൊറ്റ നാൾകൊണ്ട് ലഭിച്ചതല്ല.

സമൂഹം ക്രമേണ മൂപ്പർക്കത് നൽകുകയായിരുന്നു. പൊലിമ ചാലിച്ചുചേർത്ത വർത്തമാനങ്ങളിലൂടെ, കഥകളിലൂടെയും'' *(കാഷ്: പേജ്. 24)*

ഒരു വ്യക്തിക്കോ സമൂഹത്തിനോ സഭക്കോ നൽകാവുന്നതാണോ ഇസ്‌ലാമിലെ വിലായത്ത്? പ്രവാചകന്റെ ഹദീസുകൾ പഠിപ്പിക്കുന്നത് അല്ലെന്നാണ്. ശരീഅത്ത് നിയമങ്ങൾ അക്ഷരം പ്രതി പാലിക്കുക വഴി സുന്നത്തുകൾ അധികരിപ്പിച്ച് അല്ലാഹുവിലേക്കടുക്കുന്നവനാരോ അവനാണ് അല്ലാഹുവിന്റെ വലിയ്യ്. മേൽപറഞ്ഞ പിരാന്തൻ കുഞ്ഞയമ്മുദുവിനെപ്പോലെയുള്ളവരെയല്ലാതെ അല്ലാഹുവിന്റെ കൽപനകൾ പാലിക്കുന്ന വിലക്കുകൾ ലംഘിക്കാതിരിക്കുന്ന ഒരൊറ്റ വലിയ്യിനെപ്പോലും ഇവർക്ക് ഇന്ന് ഉയർത്തിക്കാണിക്കാനില്ല എന്നതാണ് ഖേദകരം.

പിരാന്തൻ കോയാക്ക കഴിച്ച് ബാക്കിവെച്ച ഭക്ഷണങ്ങൾപോലും ആർത്തിപൂണ്ട് വാരിവലിച്ച് തിന്നാൻ മൽസരിക്കുന്നവരെ തുടക്കത്തിൽ വേങ്ങര നിവാസികൾ കണ്ടത് അരക്കിറുക്കന്മാരായാണ്. പക്ഷെ, അവിടെയും മാതൃക കാണിക്കാൻ മുഴുക്കിറുക്കന്മാരായ സമസ്ത മുസ്‌ലിയാരുട്ടികൾതന്നെ മുന്നോട്ട് വന്ന് ജനങ്ങളുടെ അറപ്പ് മാറ്റിക്കൊടുത്തു. വേങ്ങര കോയപ്പാപ്പയെ ഒന്ന് കൺകുളിർക്കെകണ്ട് സങ്കടങ്ങളും ആവലാതികളും ബോധിപ്പിക്കാൻ അന്യദേശത്തുനിന്നുപോലും ഭക്തന്മാർ വന്ന് മാസങ്ങളോളം കാത്തിരിക്കുമായിരുന്നുവത്രേ. വിശിഷ്ട ഭക്ഷണങ്ങളും മറ്റു പാരിതോഷികങ്ങളും അവർ കോയപ്പാപ്പാക്ക് സമ്മാനമായി നൽകാറുമുണ്ടായിരുന്നുവത്രേ. സത്യത്തിൽ ഭ്രാന്ത് സമസ്തക്കാർക്കാണോ അവർ കൊണ്ടുനടക്കുന്ന ഔലിയാക്കൾക്കാണോ എന്ന് സംശയിക്കത്തക്കരീതിയിലാണ് ഇവരുടെ ജീവിതം. സ്വന്തം പിഞ്ചുകുഞ്ഞുങ്ങൾ ദേഹത്തൊന്ന് മൂത്രമൊഴിച്ചാൽ അതിനെ അറപ്പോടുകൂടി കാണുന്നവർ ഇത്തരം ഭ്രാന്തന്മാരുടെ ശിഷ്ട ഭക്ഷണം വിഴുങ്ങാനും അവരെ ചുംബിക്കാനും വേണ്ടി വന്നാൽ അവരുടെ വിസർജ്ജ്യം വരെ നക്കിത്തുടക്കാനും യാതൊരു മടിയും കാണിക്കാതെ മുമ്പോട്ടുവരുന്നത് കാണുമ്പോൾ മേൽ സംശയം ന്യായമാണ്താനും.

കോയപ്പാപ്പയുടെ കിറുക്ക് പിടിച്ച സംസാരങ്ങളും ചേഷ്ടകളും അമാനുഷിക രീതിയിൽ വ്യാഖ്യാനിക്കാൻ തുടങ്ങിയതുമുതൽ ആരംഭിക്കുന്നു ഇദ്ദേഹത്തിന്റെ കറാമത്ത് പ്രചാരണങ്ങൾ. കോയപ്പാപ്പയുടെ സംസാര ചേഷ്ടകളെക്കുറിച്ച് 'കാഷ്' വിവരിക്കുന്നത് കാണുക.

''അതുപോലെ ആകാശത്തേക്ക് നോക്കി മൂപ്പർ പിറുപിറുത്തിരുന്നത് അദൃശ്യരായ ജിന്നുകളോടും മലക്കുകളോടുമായിരുന്നുവത്രേ. 'ഠോ' എന്ന് പൊട്ടിച്ചിരുന്നത് അദൃശ്യരുമായുള്ള സംഭാഷണത്തിനിടക്ക് കയറി വരുന്ന ശപിക്കപ്പെട്ട ശൈതാനെ ഓടിക്കാനാണെന്ന് പറഞ്ഞ് പരത്തിയവരുമുണ്ട്' *(കാഷ്: പേജ്. 24)*

ഇത്തരം വിടുവായത്തങ്ങൾ കെട്ടി എഴുന്നള്ളിച്ച് ഒരു ഭ്രാന്തനെ 'ഔലിയാക്കളുടെ കിരീടം' എന്ന ഓമനപ്പേരിട്ട് ചില കുൽസിത താൽപര്യക്കാർ മറ്റു മതസ്ഥർക്കിടയിൽ പരിശുദ്ധ ഇസ്‌ലാമിനെ പരിഹാസ്യമാക്കുവാൻ തുനിഞ്ഞിറങ്ങുമ്പോൾ അതിനെ തടയിടേണ്ട പണ്ഡിത സയ്യിദന്മാർ വളം വെച്ചുകൊടുക്കുകയാണ് ചെയ്തത്. ലോക മുസ്‌ലിംകളുടെ ആത്മീയ നേതാവ് (?) എന്ന് വിശേഷിപ്പിക്കപ്പെടുന്ന പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളാണ് കോയപ്പാപ്പയുടെ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകിയതത്രേ! ഒരാൾ മരണപ്പെട്ടാൽ ആ മയ്യിത്ത് നമസ്കാരത്തിന് നേതൃത്വം നൽകുക എന്നത് തെറ്റൊന്നുമല്ല. പക്ഷെ, ഇതുപോലെ പല ഭ്രാന്തൻമാരും അനാഥരും മുമ്പും ശേഷവും മരണപ്പെട്ടിട്ടുണ്ടല്ലോ. ആ നമസ്കാരത്തിനൊന്നും നേതൃത്വം നൽകാൻ ഒരു സയ്യിദന്മാരും ഇതുവരെ മെനക്കെട്ട് കണ്ടിട്ടില്ല. പക്ഷെ ഇതൊരു കേവല ഭ്രാന്തനല്ലെന്നും നാളെ സമൂഹത്തിന് ആദരിച്ചുകൊണ്ട് നടക്കാനുള്ള ഒരു ഭ്രാന്തനാണെന്നും ഈ സയ്യിദന്മാർക്കും അറിയാതിരിക്കില്ലല്ലോ. അല്ലെങ്കിലും സമൂഹം പോകുന്ന വഴിക്ക് തെളിക്കാനുള്ള ഫത്‌വകൾ നൽകാനാണല്ലോ ഇരുസമസ്തയിലേയും പണ്ഡിതന്മാർക്ക് താൽപര്യം.

മരണത്തിന് ശേഷം ലോകത്ത് ഇന്നുവരെ കേട്ടുകേൾവിപോലുമില്ലാത്ത ഒരു കറാമത്താണ് പ്രധാനമായും കോയപ്പാപ്പാക്കുമേൽ ചാർത്തപ്പെട്ടത്. ആ കറാമത്തെന്താണെന്ന് കാന്തപുരം 'സുന്നി'കളുടെ പ്രസിദ്ധീകരണമായ സുന്നത്തുമാസികയിൽനിന്നുതന്നെ നമുക്ക് വായിക്കാം.

‘‘കടുത്ത വരൾച്ച, എവിടെയും വെള്ളത്തിന് ക്ഷാമം, വേങ്ങര നിവാസികളായ ഏതാനും ആളുകൾ തങ്ങളെ സമീപത്തെത്തി. കാര്യം ധരിപ്പിച്ചു. ‘‘ഓ മഴയില്ല അല്ലേ’’ എന്ന് പറഞ്ഞ് മൂപ്പർ ഉടുതുണി പൊക്കി അങ്ങ് മൂത്രിച്ചു. ‘‘ഇനി നിങ്ങൾ പോയിക്കൊള്ളൂ, മഴ ഉടൻ ഉണ്ടാകും’’ ആശ്ചര്യം, അതാ വരുന്നു തകർപ്പൻ മഴ’’ *(സുന്നത്ത് മാസിക. 1995 ജനുവരി)*

അല്ലാഹുവിന്റെ റസൂൽ മഴയില്ലാതായപ്പോൾ കൈകൾ പൊക്കിപ്രാർത്ഥിച്ച് മഴ പെയ്ത സംഭവം ഹദീസുകളിൽ കണ്ടിട്ടുണ്ട്. പക്ഷെ ഒരു ഭ്രാന്തൻ നിന്നു മൂത്രമൊഴിച്ചപ്പോൾ മഴ പെയ്തു എന്ന് ഉളുപ്പില്ലാതെ എഴുതി വിടാൻ സമസ്തക്കാർക്ക് മാത്രമേ തൊലിക്കട്ടി വരികയുള്ളൂ. നിന്നു മൂത്രിച്ച സംഭവം മുമ്പും ഉണ്ടായിട്ടുണ്ട് എന്നും സുന്നത്ത് മാസിക രേഖപ്പെടുത്തുന്നുണ്ട്.

സമസ്ത പണ്ഡിതന്മാരുടെ കൂട്ടായ ആശിർവാദവും പ്രചാരണവും ഇത്തരം വട്ടുകഥകൾക്കുണ്ട്. ആരാരുമില്ലാത്ത പിരാന്തൻ കുഞ്ഞയമ്മുദു ഇന്ന് സമസ്തക്കാരുടെ സിയാറത്ത് കേന്ദ്രങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണെന്ന് നാം മനസ്സിലാക്കണം.

ഏതായാലും ‘കാഷ്’ ൽ വേങ്ങര കോയപ്പാപ്പയുടെ ചരിത്രം എഴുതിയ വേങ്ങരക്കാരൻ ലേഖകൻ കോയപ്പാപ്പയെ ഒരു ദിവ്യപുരുഷനായി കാണുന്നില്ല എന്ന് ആശ്വസിക്കാം. നിരുപദ്രവകാരിയായ ഒരു പാവം മനുഷ്യൻ എന്നതിലപ്പുറം കോയപ്പാപ്പാക്ക് പ്രത്യേക പൊലിമ നൽകാനും ലേഖകൻ തയ്യാറാവുന്നില്ല. പക്ഷെ ഇങ്ങനെ ചിന്തിക്കുന്നവർ വളരെ തുച്ഛമാണെന്നും പ്രസ്തുത ലേഖകൻ എഴുതുന്നുണ്ട്. ആ ലേഖനത്തിൽ കോയപ്പാപ്പയുടെ ചരിത്രം അവസാനിക്കുന്നത് താഴെക്കാണുന്ന വരികളോടുകൂടിയാണ്.

‘‘മറ്റത്തൂരിൽനിന്നെത്തി മുണ്ടിയൻ തടത്തിന്റെ മാനസപുത്രനായി ജീവിച്ച് ഇപ്പോൾ ഇവിടെ ഈ മഖ്ബറയിൽ അന്ത്യവിശ്രമം കൊള്ളുന്ന കഥാനായകൻ നാളെ പുതുതലമുറക്ക് ഒരു ‘ലജന്റ്’ (ഇതിഹാസം) ആയി മാറുമോ’’ *(കാഷ് പേജ്. 25)*

നിന്നു മൂത്രമൊഴിച്ചപ്പോൾ മഴ പെയ്തു എന്ന് സമസ്തയുടെ പ്രസിദ്ധീകരണങ്ങൾ കോയപ്പാപ്പയെക്കുറിച്ച് പറയുന്നത് ഒരിക്കലും പരിഹാസ്യമായിട്ടല്ല, മറിച്ച് ഇതിഹാസമായിട്ടുതന്നെയാണ്. ഇതിൽകൂടുതൽ ഒരു ഇതിഹാസമായി മാറാൻ ഒരു മനുഷ്യന് എങ്ങനെ സാധിക്കും.? മുജാഹിദുകൾക്ക് സംശയം വേറെയാണ്. ഇത്തരം ഭ്രാന്തന്മാരുടെ മഖ്ബറയിൽപോയി പ്രാർത്ഥിക്കുന്ന സമസ്തക്കാർ തങ്ങളുടെ പ്രാർത്ഥന ആരാധനയല്ല എന്നാണ് സാധാരണ പറയാറുള്ളത്. പക്ഷെ മറ്റത്തൂർകാരനായ പിരാന്തൻ കുഞ്ഞയമ്മുദു കോയപ്പാപ്പയായും ഇന്ന് താജുൽ ഔലിയയായും മാറിയിട്ടുണ്ടെങ്കിൽ നാളെ ഇയാൾക്ക് ഞങ്ങൾ ആരാധന തന്നെ ചെയ്യുമെന്ന് പറയാൻ സമസ്തക്കാർ ധൈര്യം കാണിക്കുമോ? കേരളത്തിൽ സമസ്തയുടെ പേരിൽ പ്രവർത്തിക്കുന്ന അവസാനത്തെ കണ്ണി നിലനിൽക്കുംവരെ ഈ ചോദ്യത്തിന് പ്രസക്തിയുണ്ട്.